## റീ ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ദേവസ്വം പുരപ്പറമ്പ് പരസ്യബോർഡ് 4 എണ്ണം, ചോറ്റാനിക്കര ക്ഷേത്രം തെക്കേ വശം അമൃതബ്ലോക്കിന് മുൻവശം 3 എണ്ണം, ചോറ്റാനിക്കര ദേവസ്വം ദർശന സുദർശന കെട്ടിടത്തിന്റെ മുൻവശം പരസ്യബോർഡ് 2 എണ്ണം, ചോറ്റനിക്കര .ദേവസ്വം ജി ബ്ലോക്ക് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പരസ്യബോർഡ് 1 എണ്ണം എന്നീ സ്ഥലങ്ങളിൽ 01.12.2025 മുതൽ 2 വർഷക്കാലത്തേയ്ക്ക് പരസ്യബോർഡുകൾ സ്ഥാപിച്ച് പരസ്യം നടത്തുന്നതിന് താല്പര്യമുള്ള ഏജൻസികളിൽ നിന്നും / വ്യക്തികളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകൾ 30.10.2025 1 PMന് മുൻപായി ചോറ്റാനിക്കര അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ ലഭിക്കേണ്ടതാണ് ലഭിച്ച ടെണ്ടറുകൾ അന്നേദിവസം 2 PMന് ഹാജരായിട്ടുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ടെണ്ടർ സഹിതം Quote ചെയ്യുന്ന തുകയുടെ 5% തുക ചോറ്റാനിക്കര അസി. കമ്മീഷ്ണറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് , നിരതദ്രവ്യം ആയി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാതെ സമർപ്പിക്കുന്ന ടെർണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്. ടെണ്ടറുകൾ ഇത് സഹിതം സമർപ്പിച്ച മാതൃകയിൽ ഉള്ള ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.

1. ടെണ്ടർ ലഭിക്കുന്ന കരാറുകാർ പരസ്യപ്രദർശനത്തിന് ആവശ്യമായ പെർമിറ്റ് ലൈസൻസ് ഇൻഷുറൻസ് മറ്റു അനുബന്ധ രേഖകൾ എന്നിവ അവരവരുടെ സ്വന്തം ചെലവിൽ ബന്ധപ്പെട്ട് ആഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

2. പരസ്യ ബോർഡുകളിൽ ക്ഷേത്രാചാര മര്യാദകൾക്ക് നിരക്കാത്തതോ സഭ്യമല്ലാത്തതോ ആയ പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ പാടുള്ളതല്ല. ക്ഷേത്രത്തിന്റെ മുൻ ഭാഗവും ക്ഷേത്രവും മറയാത്ത രീതിയിൽ മാത്രമേ പരസ്യ ബോർഡുകൾ സ്ഥാപിക്കുവാൻ പാടുള്ളൂ.

3. പരസ്യ നിരക്ക് ചതുരശ്ര അടി നിരക്കിൽ ആയി നിശ്ചയിച്ചിരിക്കുന്നു.

4. ടെണ്ടർ എടുക്കുന്ന വ്യക്തികളും/സ്ഥാപനങ്ങളും രജിസ്ട്രേഷൻ നമ്പർ, ജി എസ് ടി നമ്പർ, പാൻ നമ്പർ എന്നിവ ഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതും പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

5. പരസ്യബോർഡുകൾ നിയമപ്രകാരമുള്ള അളവുകളിലും ഗ്രീൻപ്രോട്ടോക്കോൾ പ്രകാരം ഉള്ള ഉത്പന്നങ്ങൾ ഉപയോഗിച്ചും മാത്രമേ സ്ഥാപിക്കാൻ അനുവദിക്കുകയുള്ളൂ. പരസ്യബോർഡിന്റെ സ്ഥാനവും അളവും കൊച്ചിൻ ദേവസ്വം ബോർഡ് നിശ്ചയിക്കുന്നതുപോലെയാകണം.

6. ടെണ്ടറുകൾ ചോറ്റാനിക്കര ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ക്യാൻസൽ ചെയ്യുന്നതിനും, നിറുത്തി വെക്കുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

7.പരസ്യബോർഡ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന സ്ഥലം പരസ്യബോർഡിന്റെ അളവ് ( നീളം X വീതി), സ്ക്വയർ ഫീറ്റ് നിരക്കിൽ Quote ചെയ്യുന്ന തുക എന്നിവ ടെണ്ടറിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

8.നിലവിലുള്ള പരസ്യബോർഡുകൾക്ക് തടസ്സംവരാത്ത വിധത്തിൽ മാത്രമേ പുതിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുവാൻ പാടുകയുള്ളു.

9.പരസ്യബോർഡുകൾ സ്ഥാപിക്കാവുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് Annexure 1ൽ കാണിച്ചിരിക്കുന്നു. ടി ലിസ്റ്റ് ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിലെ നോട്ടീസ് ബോർഡിലും, കൊച്ചിൻ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റിലും ലഭ്യമാണ്.

10. സ്ഥലം പരിശോധിക്കുന്നതിനായി ദേവസ്വം മാനേജറുമായി ബന്ധപ്പെടേണ്ടതാണ്. ദേവസ്വം മാനേജരുടെ നമ്പർ 0484 2714300

11. കരാറുകാർ വാടകയ്ക്കൊപ്പം 18% ജി എസ് ടി കൂടി അടയ്ക്കേണ്ടതാണ്.

12. ടെണ്ടർ ലഭിക്കുന്ന വ്യക്തികൾ ബോർഡ് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് വക്കേണ്ടതാണ്.

13. പരസ്യബോർഡുകൾ ദേവസ്വം മരാമത്ത് വിഭാഗം അളക്കുന്നതാണ്. വ്യത്യാസം ഉള്ള പക്ഷം ഇതനുസരിച്ച് ഉള്ള തുക ചോറ്റാനിക്കര ദേവസ്വം ഓഫീസിൽ അടയ്ക്കേണ്ടതാണ്.

14. പരസ്യ നികുതിയിനത്തിൽ അടയ്ക്കേണ്ട സംഖ്യകൾ ടെണ്ടർ കൊണ്ട വ്യക്തി അതാത് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ ഒടുക്കി രശീതി ചോറ്റാനിക്കര ദേവസ്വം ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

15. പരസ്യബോർഡുകളിൽ നിന്നും പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന അപകടങ്ങൾക്ക് വേണ്ട ഇൻഷുറൻസ് പരിരക്ഷ ടെണ്ടർ കൊണ്ട വ്യക്തി /സ്ഥാപനം സ്വന്തം ചിലവിൽ ഉറപ്പു വരുത്തേണ്ടതാണ്.

20/10/..

അസിസ്റ്റന്റ് കമ്മീഷ്ണർ
ചോറ്റാനിക്കര ദേവസ്വം

# TENDER APPLICATIONS FORM OF ADVERTISEMENT BOARD

| SL No | LOCATIONS | SIZE | TOTAL SQ.FT | RATE/SQ.FT From 1 year | AMOUNT For 1 year | AMOUNT For 2 year | 5% EMD For 2 year | EMD/DD Details |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

Authorized Signatory